മാതൃഭൂമി

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 38 NOVEMBER 2024

# ആകാശപ്പച്ച

# CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11


തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: Freepic







# ലോക ഭക്ഷ്യദിന പോസ്റ്റർ മത്സരം **വിജയികൾ**




**ലോ**ക ഭക്ഷ്യദിനവുമായി ബന്ധപ്പെട്ട് നടത്തിയ പോസ്റ്റർ മത്സരത്തിൽ നിരവധി വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും പങ്കെടുത്തു. ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തിയ പോസ്റ്ററുകളാണ് ഇതോടൊപ്പമുള്ളത്. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ!

1. ബിജു യോഹന്നാൻ (രക്ഷിതാവ്), അഷ്റയ് ബിജു യോഹന്നാൻ, മാർ ബസേലിയോസ് സീനിയർ സെക്കൻഡറി സ്കൂൾ, മരുതാമൻപള്ളി, കൊല്ലം
2. അനുശ്രീ വി.കെ., അധ്യാപിക, ജി.യു.പി.എസ്. വെള്ളംകുളങ്ങര, ആലപ്പുഴ
3. റിജോ പി.ആർ. (രക്ഷിതാവ്), റീൻ ഗ്ലിയോണ പി.ആർ. എച്ച്.എസ്.എസ്. അരിമ്പൂർ, തൃശ്ശൂർ.

എഡിറ്റോറിയൽ



# അറിയണം ബന്ധങ്ങൾ

നമ്മൾ കാണുന്നതും കാണാത്തതുമായ നിരവധി ബന്ധങ്ങൾ പ്രകൃതിയിലുണ്ട്. പൂക്കളിൽനിന്ന് പൂമ്പാറ്റകൾ തേൻ കുടിക്കുമ്പോൾ പകരമായി അവ പരാഗണത്തിന് സഹായിക്കുന്നു. ഓരോ ഇനം പൂമ്പാറ്റയും ചില പ്രത്യേക ചെടികളിലോ മരങ്ങളിലോ മാത്രമേ മുട്ടയിടാറുള്ളൂ. മുട്ടവിരിഞ്ഞുണ്ടാകുന്ന പുഴുക്കൾക്ക് ആ ഇലകൾമാത്രമേ തിന്നാൻകഴിയൂ. ഇത്തരം ചെടികൾ ഇല്ലാതായാൽ അതിൽ മുട്ടയിടുന്ന പൂമ്പാറ്റകളും ഇല്ലാതാവും. വഴിയോരത്തും ഒഴിഞ്ഞുകിടക്കുന്ന പറമ്പുകളിലുമൊക്കെയുള്ള ചെടികൾ വെട്ടിമാറ്റുമ്പോൾ പൂമ്പാറ്റകളുടെ നിലനിൽപ്പ് ഭീഷണിയിലാവുന്നുണ്ടെന്ന് നമ്മൾ മറക്കരുത്.  ഇലകൾ തിന്നുതീർക്കുന്ന പുഴുക്കളാണെങ്കിലും അവ പൂമ്പാറ്റയാവുമ്പോൾ പരാഗണത്തിന് സഹായിക്കുന്നവയാണ്. അതായത് കൂടുതൽ വിളവ് ലഭിക്കാൻ സഹായിക്കുന്നവ. അതിനാൽ പ്രകൃതിയിലെ ഇതുപോലെയുള്ള പരസ്പരബന്ധങ്ങളെക്കുറിച്ച് നമ്മൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിക്കണം.

# കാടകം കാക്കണം

ഭൂമിയിലെ ഏറ്റവും പ്രധാന ഇക്കോസിസ്റ്റങ്ങളാണ് കാടുകൾ. കാലാവസ്ഥ, ജലസംസ്കരണം, കാർബൺ സംഭരണം, മണ്ണിന്റെ ഉത്പാദനശേഷി എന്നിവയുടെ പ്രവർത്തനങ്ങളെ കാടുകൾ നിയന്ത്രിക്കുന്നു. മനുഷ്യരുടെ ആവശ്യങ്ങൾക്കും വിവിധ ജീവജാലങ്ങൾക്കും ധാരാളം വിഭവങ്ങൾ നൽകുന്നതും കാടുകളാണ്. മഴയുടെ നിയന്ത്രണത്തിലും വലിയ പങ്കുവഹിക്കുന്നു. മണ്ണ് ചുരുങ്ങാതെ നിലനിർത്തുകയും വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നതിലും കാടുകളുടെ സഹായം പ്രധാനമാണ്.



വാസുദേവ് അരവിന്ദ്
വീമംഗലം യു.പി. സ്കൂൾ
മൂടാടി, കൊയിലാണ്ടി
കോഴിക്കോട്

കേരളം അറിയാൻ

# വരാതെ വന്ന ചുഴലി

ഏറെക്കാലത്തെ ചരിത്രം പരിശോധിച്ചാൽ കേരളത്തിൽ ചുഴലിക്കാറ്റുകൾ ആഞ്ഞടിച്ച അവസരങ്ങൾ കണ്ടെത്താൻകഴിഞ്ഞെന്നു വരില്ല. കഴിഞ്ഞ കുറച്ച് വർഷങ്ങളിലെ സ്ഥിതി ഇതല്ല. ഏറെക്കാലം ചുഴലിക്കാറ്റുകൾ ഒഴിഞ്ഞുനിന്ന സ്ഥലങ്ങളിൽ പെട്ടെന്ന് കാറ്റ് വീശിയടിക്കുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കും. ഓഖി ചുഴലിക്കാറ്റ് ഉണ്ടായപ്പോൾ അതിന്റെ സഞ്ചാരം പടിഞ്ഞാറുഭാഗത്തേക്കായതുമൂലം കേരളം വലിയ അപകടത്തിൽനിന്ന് രക്ഷപ്പെട്ടു. എന്നാൽ ചുഴലിക്കാറ്റിന്റെ സാന്നിധ്യത്തെ നമ്മൾ വളരെ ഗൗരവത്തോടെ കാണണം.




ഫാത്തിമത് ഹസ്ന
ക്രെസന്റ് ഇംഗ്ലീഷ് സ്കൂൾ അജാനൂർ
കാസർകോട്



ചിറകുള്ള ചങ്ങാതിമാർ

# പക്ഷിലോകത്തെ ശിൽപി

പക്ഷിലോകത്തെ ശില്പിയാണ് ആറ്റക്കുരുവി (Baya Weaver Bird). കൂരിയാറ്റ, തൂക്കണാംകുരുവി എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. പെൺപക്ഷികൾക്കും ആൺപക്ഷികൾക്കും മഞ്ഞ കലർന്ന തവിട്ടുനിറമാണ്. മനോഹരമായ കൂടുണ്ടാക്കുന്ന പക്ഷിയാണിത്. നൂറുകണക്കിന് നാരുകൾ കോർത്തിണക്കി നീണ്ട കുഴൽപോലെയുള്ള കൂടാണ് ആറ്റക്കുരുവി നിർമിക്കുന്നത്. ഇലകൾ കൊത്തിച്ചീന്തിയെടുക്കുന്ന നീണ്ട നാരുകളാണ് ഇതിന് ഉപയോഗിക്കുക. അടുത്തടുത്തായി തൂക്കിയിട്ടിരിക്കുന്ന കൂടുകൾ കാണാൻ നല്ല ഭംഗിയാണ്. ആൺപക്ഷിയാണ് കൂടുണ്ടാക്കുന്നത്. കൂട് കണ്ട് ഇഷ്ടമായാൽമാത്രമേ പെൺകുരുവികൾ ചങ്ങാത്തംകൂടാൻ എത്തുകയുള്ളൂ.

ആദിഷ് പ്രവീൺ
മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ
കണ്ണൂർ

ഈ ഫോട്ടോ കാണാം



# വളരും, ചിറകുവീശിപ്പറക്കും...



മാതൃഭൂമി ആകാശപ്പച്ച
2024 നവംബർ

വിജില വർഗീസ്
ജി.യു.പി.എസ്. ആഞ്ഞിലിപ്ര
ആലപ്പുഴ



# കൊക്കെഡാമ

ജപ്പാൻകാർ വികസിപ്പിച്ചെടുത്ത കൃഷിരീതിയാണ് കൊക്കെഡാമ. അലങ്കാരച്ചെടികൾ വളർത്തുന്നതിനാണ് ഈ രീതി ഉപയോഗിക്കുന്നത്. ജപ്പാൻകാരുടെ ഉദ്യാനകലയാണിത്. കൊക്കെഡാമാ പന്തുകൾ വളരെ എളുപ്പത്തിൽ നിർമിക്കാവുന്നതും ചെലവ് കുറഞ്ഞതുമാണ്. ഇത് നിർമിക്കാനായി ആദ്യം മണ്ണ് വെള്ളത്തിൽ കുഴച്ചെടുക്കണം. മണ്ണ് വിണ്ടുകീറാതിരിക്കാൻ അതിനുള്ളിൽ ചകിരിയും വയ്ക്കും. തുടർന്ന്  ചെടിയുടെ വേരുപടലത്തിന് ചുറ്റും ഇത് ഗോളരൂപത്തിൽ ഉരുട്ടിയെടുക്കും. മതിലിൽ വളരുന്ന പ്രത്യേകതരം പായൽ അതിനുമീതേ ചേർത്തുവെച്ച് നൂലുപയോഗിച്ച് കെട്ടുകയും ചെയ്താൽ കൊക്കെഡാമ തയ്യാർ. തണലിൽ വളരുന്ന ചെടികളാണ് ഇങ്ങനെ വളർത്തേണ്ടത്. പാത്രമില്ലാതെ ചെടികൾ വളർത്താനും ഒഴിവുസമയങ്ങളിലെ വിരസത ഒഴിവാക്കാനും ഇത്തരം വ്യത്യസ്തമായ ഉദ്യാനകലകൾ സഹായിക്കും.

ലീന വർഗീസ്
അധ്യാപിക, കെ.ഇ.യു.പി. സ്കൂൾ
പുളിയൻമല, ഇടുക്കി



സിനിമാപാട്ടിലെ പ്രകൃതി

# ഇടുക്കി എന്ന മിടുമിടുക്കി!

*മലമേലെ തിരിവെച്ച്*
*പെരിയാറിൻ തളയിട്ട്*
*ചിരിതൂകും പെണ്ണല്ലേ ഇടുക്കി*
*ഇവളാണിവളാണ് മിടുമിടുക്കി*

ഇടുക്കി ജില്ലയുടെ മനോഹാരിതയാണ് ഈ വരികളിൽ നിറയുന്നത്. മലനിരകളിൽ തിരിവെച്ചപോലെ തെളിയുന്ന പ്രഭാതവും കാലിൽ തളയിട്ടപോലെ ഒഴുകുന്ന പെരിയാറും ഒക്കെ ചേർന്ന മനോഹരമായി ചിരിക്കുന്ന പെണ്ണാണ് ഇടുക്കി. ആർദ്രമായ മണ്ണിൽ വിളയുന്ന പലതരം സുഗന്ധദ്രവ്യങ്ങളാൽ സമ്പുഷ്ടമായ നാട്. ലോകത്തിലെതന്നെ വലിയ വ്യാപാര ഇടവുമാണ്. ഏലം, ഗ്രാമ്പൂ ഇവയെല്ലാം ഇടുക്കിയുടെ മടിശ്ശീല നിറയ്ക്കുന്നു. അങ്ങനെ ഇടുക്കി ഒരു മിടുക്കിയാവുന്നു എന്നാണ് കവി പറയുന്നത്.

ഗാനരചന: റഫീഖ് അഹമ്മദ്
സംഗീതം: ബിജിബാൽ
പാടിയത്: ബിജിബാൽ
സിനിമ: മഹേഷിന്റെ പ്രതികാരം



ചന്ദ്രമിത്ര
മൈക്ക് ഇംഗ്ലീഷ് മീഡിയം സ്കൂൾ
ചെറുകര, മലപ്പുറം



# പ്രകൃതിയുടെ വർണമാല

മഴയിൽ തണുത്ത പ്രകൃതിയിൽ അല്പസമയത്തേക്ക് വിരിയുന്ന മഴവില്ല് ആകാശത്തിന് ഒരു അലങ്കാരമാണ്. അല്പനേരംമാത്രമെങ്കിലും അതിനെ നോക്കിനിൽക്കാൻ എന്തൊരു രസമാണ്. അദ്ഭുതമാണ് മഴവില്ല്. ആരുടെയും മനം കവർന്നെടുക്കാൻ ഉതകുന്ന മഴവില്ല് കാണുമ്പോൾ ഒരിക്കലും മാഞ്ഞുപോകരുതേയെന്ന് ഓരോതവണയും ആഗ്രഹിക്കാറുണ്ട്. പ്രകൃതി സമ്മാനിച്ച ഏറ്റവും മനോഹരമായ കാഴ്ചയിലൊന്നാണ് മഴവില്ല്.

ആഷ്‌ലി രാജ്
എസ്.എച്ച്.യു.പി.എസ്. ചുള്ളിമാനൂർ
തിരുവനന്തപുരം

# പയ്യെ തിന്നാൽ പനയും തിന്നാം


പന നമുക്ക് കഴിക്കാൻകഴിയില്ല എന്ന് പറഞ്ഞുകൊണ്ട് ഈ പഴഞ്ചൊല്ലിനെ ആക്ഷേപിക്കുന്നവരുണ്ട്. പ്രാസം ഒപ്പിക്കാൻവേണ്ടി മാത്രം ഇത്രയും വലിയ പനയെ എന്തിനാണ് ഇതിനോട് ചേർത്തത് എന്ന് ചിന്തിക്കുന്നവരും ധാരാളം. എന്നാൽ ഈ ചൊല്ലിന്റെ അർഥത്തിൽ ഇത്തരം ആശങ്കകൾക്കൊന്നും ഇടമില്ല. സാവധാനത്തോടെ നമ്മൾ കാര്യങ്ങൾ ചെയ്താൽ നമുക്ക് വിജയം ഉറപ്പാണെന്ന് ഈ ചൊല്ല് ഉറപ്പിക്കുന്നു. പക്ഷേ, സാവധാനത്തിൽ ചെയ്താൽ ചില കാര്യങ്ങളിൽ പരാജയവും ഉറപ്പാണ്. മത്സരപ്പരീക്ഷകൾ, മത്സരങ്ങൾ ഇവയെല്ലാം വേഗത്തിന്റെ അളവിൽ വിജയം ഉറപ്പാക്കുന്ന കാര്യങ്ങളാണ്. അവിടെ നമ്മൾ അതിനായുള്ള പരിശീലനത്തിനിടയിൽവേണം ഈ ചൊല്ല് ഓർമിക്കാൻ.



അനുശ്രീ കെ.എസ്.
ജി.യു.പി.എസ്. ഇല്ലിത്തോട്
എറണാകുളം

# പരമ്പര തീർക്കുന്ന പ്രകൃതിദുരന്തങ്ങൾ

കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇന്ത്യ, ബംഗ്ലാദേശ്, ഫിലിപ്പീൻസ്, പാകിസ്ഥാൻ എന്നിവിടങ്ങളിൽ വലിയതോതിലുള്ള മഴ തുടർക്കഥയാണ്. നദികൾ കരകവിഞ്ഞ് ദുരന്തങ്ങൾ ആവർത്തിക്കുന്നു. പ്രളയത്തിനുപുറമേ ഭൂകമ്പം, ചുഴലിക്കാറ്റ്, എന്നിവപോലുള്ള പ്രകൃതിദുരന്തങ്ങളും ഈ പ്രദേശങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. രാജ്യങ്ങളുടെ വികസനകാര്യങ്ങൾക്ക് ഉപയോഗിക്കേണ്ട സമ്പത്ത് ദുരന്തനിവാരണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടിവരുമ്പോൾ അത് രാജ്യങ്ങളുടെ പുരോഗതിയെയും വളർച്ചയെയും പ്രതികൂലമായി ബാധിക്കും. ആ വളർച്ചമുരടിപ്പ് നേരിടുന്നതിനെക്കാൾ എത്ര എളുപ്പമാണ് പ്രകൃതിയെ സംരക്ഷിക്കാനെന്ന് ആരും മറക്കരുത്.



മുഹമ്മദ് ഷബീൽ കെ., അധ്യാപകൻ
പി.കെ.എച്ച്.എം.ഒ.യു.പി. സ്കൂൾ
എടത്തനാട്ടുകര, പാലക്കാട്

പൂവറിവ്

Ageratum conyzoides



# അപ്പ

**ആ**സ്റ്ററേസി സസ്യകുടുംബത്തിൽപ്പെട്ട ഒരു വാർഷിക ഓഷധിയാണ് (Annual herb) അപ്പ. Ageratum conyzoides എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നു. നായ്ത്തുളസി എന്നും പേരുണ്ട്. അമേരിക്കൻ സ്വദേശിയായ ഈ ചെടി കൃഷിത്തോട്ടങ്ങളിൽ സമൃദ്ധമായി വളരുന്ന ഒരു കളയാണ്. മനോഹരമായ വയലറ്റ് നിറമാണ് പൂവുകൾക്ക്. ഇലയറ്റം കൂർത്ത് നീണ്ടതാണ്. കൈകാലുകളിലുണ്ടാകുന്ന ചെറിയ മുറിവുകൾ ഉണക്കാൻ ഈ ചെടിയുടെ ഇല ഞരടി പിഴിഞ്ഞ നീര് ഉപയോഗിക്കുന്നു. കൂടാതെ ഈ നീര് തലവേദനയ്ക്കും തലയിലെ പേൻശല്യത്തിനും ഫലപ്രദമാണ്.

മാതൃഭൂമി ആകാശപ്പച്ച
2024 നവംബർ

അഭിരാം എസ്., അഞ്ചാംക്ലാസ്
എസ്.വി.എൻ.എസ്.എസ്.യു.പി സ്കൂൾ
കുന്നം ചാലാപ്പള്ളി, പത്തനംതിട്ട



# രക്ഷിക്കണം

കാടും മേടും മലനിരകളും കൊണ്ട്
ഈ പ്രകൃതിക്കെന്തൊരു ഭംഗി
വെയിലും മഴയും മാറി മാറി വരും
പ്രകൃതി എന്തൊരു അദ്ഭുതമാണ്
ഹരിതവർണങ്ങളാൽ പ്രകാശിക്കുന്നു
തണലായി നിൽക്കുന്ന ഭൂമി
ഈ ഭൂമിയില്ലെങ്കിൽ നമ്മളില്ല
മരങ്ങൾ വെച്ചിടാം കാത്തുരക്ഷിക്കാം
നമ്മുടെ അമ്മയാം ഭൂമിയെ
അമ്മ നമ്മളെ കാത്തുരക്ഷിക്കും.


പ്രണവ് ജി. കുറുപ്പ്
ജി.എൽ.പി.എസ്.പ്രമാടം
പത്തിനംതിട്ട



# കൈത്താങ്ങ്

മലയടിവാരത്തുള്ള ഒരു വീട്ടിലായിരുന്നു മീരയുടെ താമസം. അച്ഛനും അമ്മയും മുത്തശ്ശിയും മുത്തശ്ശനും ഒക്കെയായി നല്ല സന്തോഷമായിരുന്നു ആ വീട്ടിൽ. അങ്ങനെയിരിക്കെയാണ് ഒരുദിവസം ആ ദുരനുഭവം ഉണ്ടായത്. അതിശക്തമായ മഴയിൽ വീടിനടുത്തുള്ള മലമുകളിൽ ഉരുൾപൊട്ടുകയും വീട്ടിലെ എല്ലാവരെയും നഷ്ടപ്പെടുകയും ചെയ്തു. മീരയെ രക്ഷാപ്രവർത്തകർ അതിസാഹസികമായി രക്ഷിച്ചു. എല്ലാം നഷ്ടമായ ദുഃഖത്തിൽ ഒരു ദുരിതാശ്വാസകേന്ദ്രത്തിൽ അവൾ ഒറ്റയ്ക്കിരുന്ന് കരഞ്ഞു. അപ്പോൾ ആരോ ഒരാൾ വന്ന് അവളെ സമാധാനിപ്പിച്ചു. അവളോട് കരയണ്ട എന്ന് പറഞ്ഞു. കുറച്ചുകഴിഞ്ഞ് ദുരന്തഭൂമിയിൽനിന്ന് കുറച്ച് ആളുകൾകൂടി അവിടേക്ക് വന്നു. ആ കൂട്ടത്തിൽ അവളുടെ മാതാപിതാക്കളും ഉണ്ടായിരുന്നു. അവരുടെ അടുത്തേക്ക് ഓടിച്ചെന്നു. പിന്നെ അവൾ മുൻപ് ആശ്വസിപ്പിച്ച ആളെ തിരഞ്ഞു. എങ്ങും കണ്ടില്ല. ഇതിനുമുൻപും കണ്ടിട്ടില്ല. മീര ആകാശത്തേക്ക് നോക്കി കൈകൂപ്പി.

അർജുൻ എസ്. കിരൺ
ഗവ. യു.പി.എസ്. കുമാരനല്ലൂർ
കോട്ടയം

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.




Published by Mathrubhumi Seed